## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 928

06.06.2018- ൽ മറുപടിയ്ക്ക്

### ചെങ്ങറ സമരക്കാർക്ക് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കെ.ആർ.നാരായണൻ സഹകരണ പുനരധിവാസ വെൽഫയർ സൊസൈറ്റിയുടെ കീഴിൽ ചെങ്ങറ സമരക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) കെ.ആർ.നാരായണൻ സഹകരണ പുനരധിവാസ വെൽഫയർ സൊസൈറ്റിയുടെ കീഴിൽ ചെങ്ങറ സമരക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ എവിടെ എപ്പോൾ എത്ര പേർക്ക് എത്ര സെന്റ് വീതം ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിലെ പെരിയ എന്ന സ്ഥലത്ത് ആകെ 74 പേർക്ക് ഭൂമി നൽകിയിട്ടുണ്ട്. അതിൽ എസ്.സി/എസ്.റ്റി. വിഭാഗക്കാർക്ക് 50 സെന്റ് വീതവും മറ്റുള്ളവർക്ക് 25 സെന്റ് വീതവും ഭൂമി നൽകിയിട്ടുണ്ട്. |
| (സി) ഭൂമി അനുവദിച്ചവരിൽ പട്ടിക വിഭാഗക്കാരും മറ്റ് പിന്നോക്കക്കാരും എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) എസ്.സി/എസ്.റ്റി. 41, മറ്റുള്ളവർ 33, ആകെ 74 |
| (ഡി) ഭൂമി നൽകിയവർക്കെല്ലാം പട്ടയം കിട്ടിയിട്ടുണ്ടോ; ഇനി എത്ര പേർക്ക് പട്ടയം കിട്ടാൻ ബാക്കിയുണ്ട്; വ്യക്തമാക്കാമോ? | (ഡി) ഇതുവരെ ആർക്കും പട്ടയം നൽകിയിട്ടില്ല. സൊസൈറ്റി നിയമാവലി പ്രകാരം കിടപ്പാടത്തിന് മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. ആയതിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ പട്ടിക ജാതി വികസന ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ